## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 970 02.12.2015 -ലെ മറുപടിക്ക്.

### കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ചും അവ ഉറപ്പുവരുത്തുന്ന രീതികളെ സംബന്ധിച്ചും ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രഷൻ വർക്കേഴ്സ് ആക്ട് -1996 - ൽ വ്യക്തമായി പ്രതിപാദിച്ചിട്ടു ണ്ട്. മേൽ നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ സജ്ജീകരിക്കേതാണ്. ഇപ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ പ രിശോധിച്ച് ഉറപ്പുവരുത്തുന്നതിലേയ്ക്കായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1, ജില്ലാ ലേബർ ഓഫീസർ (ഇ) . എന്നിവർ സ്ഥാപനങ്ങളിൽ കർശന പരിശോധനകൾ നടത്തുന്നു ണ്ട്. ഇപ്രകാരം 2014 വർഷത്തിൽ സംസ്ഥാനത്താകമാനം ടി നിയമം അനുസരിച്ച് 475 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ ക ണ്ടെത്തിയതിനെ തുടർന്ന് 53 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിട്ടു ണ്ട്. തുടർന്ന് 40 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുമു ണ്ട്. |
| (ബി) ഇതു സംബന്ധിച്ച് സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ; | (ബി) തയ്യാറാക്കിയിട്ടു ണ്ട്. ആയത് തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഓഡിറ്റിംഗ് നടത്തുന്നതിന് നിലവിൽ ഏതെല്ലാം ഏജൻസികളെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ ഭേദഗതി വരുത്തി 10/01/2014-ൽ ഗസറ്റ് നോട്ടിഫിക്കേഷൻ പു റപ്പെടുവിച്ചിട്ടു ണ്ട്. കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ഭേദഗതി വരു ത്തുന്നതിന് നഗരകാര്യ വകുപ്പിൽ തുടർനടപടികൾ എടുത്തുവരുന്നു. |

| | |
|---|---|
| (ഡി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ചട്ടങ്ങളിലെ വ്യവസ്ഥകൾ ഇക്കാര്യത്തിൽ പരിഗണിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ? | (ഡി) കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഹെൽത്ത് ആന്റ് സേഫ്റ്റി മാന്വൽ തയ്യാറാക്കിയിട്ടുള്ളത്. |

Deepa

**സെക്ഷൻ ഓഫീസർ**

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്